വിഷയം : വലക്കണ്ണികൾ

## വലക്കണ്ണികളുടെ ഇരകൾ

അവ കണ്ണുകളിലേക്ക് നോക്കി. അയാളുടെ കണ്ണുകളിൽ ഇതേവരെ കാണാത്ത തരം ഒരു ഭാവം തെളിഞ്ഞതായി അവയ്ക്ക് തോന്നി. അയാൾ ആവേശത്തോടെ വല വലിച്ചുകൊണ്ടിരുന്നു.

"അത് പെടക്കണെ നോക്കിയേ" തൊട്ടപ്പുറത്തുള്ള ചെറുക്കൻ ആർത്തിയോടെ മീനുകളെ നോക്കിക്കൊണ്ട് പറഞ്ഞു. മീനുകൾ ജീവന് വേണ്ടി പിടഞ്ഞുകൊണ്ടിരുന്നു. അവസാനചലനത്തിൽ അവ എന്തോ പറയുന്നതായി, ചോദിക്കുന്നതായി അയാൾക്ക് തോന്നി. "സ്നേഹിച്ചത് വഞ്ചിക്കാൻ വേണ്ടിയായിരുന്നോ?" കണ്ണുകൾ തുറന്ന്, ചലനമറ്റ ശരീരങ്ങളുമായി കിടക്കുന്ന മീനുകൾ ചോദിച്ചു. അയാൾ കൂടെയുള്ള ചെറുക്കന് വല കൊടുത്തിട്ട് തെങ്ങിൽ ചാരിനിന്നു. ~~ഒരു~~ എതിർ വശത്തായിനിൽക്കുന്ന ഹെൽമറ്റ് ധരിച്ച ആളോടായി പറഞ്ഞു

"ഇതാ സാറേ പ്രശ്നം, ഇതിന്റെ രുചിയൊക്കെ നല്ലത് തന്നെ പക്ഷേ, വളർത്തിയ ആൾ തന്നെ ജീവനെടുക്കുക എന്ന് പറഞ്ഞാൽ ... അത് ഇത്തിരി കഷ്ടമാ" അയാൾ പാടത്തുനിന്ന് കൊക്കുകൾ പറന്നുപോകുന്നത് നോക്കിക്കൊണ്ട് നിന്നു. ~~[illegible]~~

പറന്നുപോകുന്ന കൊക്കുകൾ അയാളെ സൂക്ഷ്മമായി നോക്കികൊണ്ട് പറന്നകലുന്നു. സ്നേഹത്തിന്റെ കരിനിഴലാണ് താനെന്ന് അയാൾക്ക് തോന്നി. എതിർവശത്തുനിൽക്കുന്ന ആൾ പരിഹാസത്തോടെ ചിരിച്ചു. "ഇങ്ങനെയൊക്കെ വിഷമിക്കാൻ അത് വല്ല മനുഷ്യനാണോ?" എന്ന ഭാവത്തിൽ. അപ്പോഴേക്കും ഒരു സഞ്ചിയിൽ കുറച്ച് മീനുകളുമായി ചെറുക്കൻ അതിലെ വന്നു. ചെറുക്കൻ മീനുകൾ എതിർവശത്തുനിൽക്കുന്ന ആൾക്ക് കൊടുത്ത് കൊണ്ട് പറഞ്ഞു: "എന്റെ സാറേ, സേതുച്ചേട്ടന് ഭ്രാന്താ... പിന്നല്ലാതെ എന്ത് പറയാനാ ഇന്ന് സേതുവേട്ടന്റെ മോനെ ഇങ്ങോട്ടേക്ക് കൊണ്ടുവന്നിട്ടില്ല എന്നാണ് ചോദിച്ചപ്പോൾ അവന് സങ്കടമാവുംന്നേ നല്ല കാര്യമായി...." ചെറുക്കൻ ശേഷം അവന്റെ മൊബൈലെടുത്ത് കൊണ്ട് പറഞ്ഞു: ദേ നോക്കിയേ ഇതുപോലെ വല്ല ലൈവായി മീൻപിടിക്കണ വീഡിയോ ഇട്ടതാണെങ്കിൽ നമുക്ക് നല്ല വരുമാനം ഉണ്ടാക്കാം... 'ലൈവ് മീൻപിടിത്തത്തിന്' നല്ല ഡിമാൻഡാ"

സേതു കേട്ടഭാവം നടിച്ചില്ല, അവളെ കൊന്നതുംപോര ഇനി അവരുടെ 'കൊലപാതകം' ലൈവായി കാണിക്കണം പോലും. " ഇനി ഇവിടെ നിന്നാൽ ശരിയാവില്ല സേതു, വീട്ടില് ഉമയുണ്ട്" എതിർവശത്തുനിൽക്കുന്ന ആൾ ധൃതിയോടെ പറഞ്ഞു. അയാൾ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

സ്കൂട്ടർ സ്റ്റാർട്ട് ചെയ്തു. "വേണുസാറേ ഞാൻ പറഞ്ഞതൊന്നും മനസ്സിൽ വെക്കണ്ട കേട്ടോ... നിങ്ങൾ ഉഷാറായി മീൻ കഴിച്ചോ..." സേതു വിളിച്ച് പറഞ്ഞു. വേണു തിരിഞ്ഞ് നോക്കി ചിരിച്ചുകൊണ്ട് പോയി.

കുണ്ടും കുഴികളുമൊക്കെയുള്ള വഴിയാണെങ്കിലും വീട് അടുത്താണ്, അതിനാൽ വേഗം തന്നെ വീട്ടിലെത്തി. ഗേറ്റിനടുത്ത് എത്തി അയാൾ ഹോണടിച്ചു. ഹോണടി കേട്ട് പ്രതികരിച്ചത് ആകെ ബ്രൂണോ മാത്രമാണ്. അവൻ വാലാട്ടുകയും ഗേറ്റിനെ കൈകൊണ്ടു തുറക്കുവാൻ ശ്രമിക്കുകയും ചെയ്തു. വേണു ഓർത്തെടുത്തു "അല്ലെങ്കിൽ മീൻ വാങ്ങി വരുകയാണെങ്കിൽ ആദ്യം ഓടിയെത്തുന്നത് നാണിമോളാണ്, മീമി... എന്ന് പറഞ്ഞ് ആർത്തുല്ലസിച്ച് വരും ആ ഉത്സാഹക്കാരി, പിന്നാലെ അവളുടെ അമ്മ ഉമയും വരും... പക്ഷേ, ഇപ്പോഴോ അവൾക്ക് ഒരു കുട്ടിയായിരിക്കുന്നു... അവൾ മുതിർന്നിരിക്കുന്നു... സ്വന്തം ലോകത്തിലേക്ക് ചിറകടിച്ച് പറന്നിരിക്കുന്നു... ഇനി ആര് ആർത്തുല്ലസിച്ച് അത് പോലെ ഓടിവരാനാണ്... ആര് ഗേറ്റ് തുറന്നുതരാനാണ്?"
"ഞാനുണ്ടേ..." എന്ന് ബ്രൂണോ വാപൊളിച്ച് കിലുങ്ങി ചിരിച്ച് കൊണ്ട് പറഞ്ഞു.

എങ്കിലും വേണു ഗേറ്റ് തുറന്ന് സ്കൂട്ടർ ഉള്ളിലേക്ക് കയറ്റി. അയാൾ ഓർത്തെടുത്തു "ശ്ശെടാ തന്റെ സഹധർമിണി ഇവിടെ തന്നെ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 108

ഉണ്ടാവേണ്ടതാണല്ലോ..." അയാൾ ചെരിപ്പൂരി വീട്ടിലേക്ക് കയറി.
ബ്രൂണോ പൊതി മണത്തുകൊണ്ട് അയാൾ പറഞ്ഞു
തരാമെടാ, നിനക്കല്ലാതെ പിന്നെയിതാർക്കാ?..."
അയാൾ വാതിൽ അടഞ്ഞ് കിടന്നിട്ടുണ്ടാവും എന്നാണ്
പ്രതീക്ഷിച്ചതെങ്കിലും അവ തുറന്ന് കിടക്കുകയായിരുന്നു.
വാതിൽതുറന്ന് അകത്ത് കടന്നപ്പോഴേക്കും അയാൾ ഫാനിന്റെ
ശബ്ദവും ഒരു സ്ത്രീ ശബ്ദവും ഇടകലർന്ന് കേട്ടു. 'ലളിതാ
സഹസ്രനാമം' ഉരുവിട്ടുകൊണ്ടിരിക്കുന്ന ഒരു സ്ത്രീ ശബ്ദം.
മിന്നൽവേഗത്തിൽ അയാൾക്ക് ഓർമവന്നു "ഇന്ന് വെള്ളിയാഴ്ച-
യാണ്, ഇന്ന് ഗ്രൂപ്പിൽ ലളിതാസഹസ്രനാമം ചൊല്ലേണ്ടത്
ഉമയാണ്..."

അയാൾ ഹാളിലേക്ക് നടന്നടുത്തപ്പോൾ കണ്ടത് വയലറ്റ് പട്ടു-
സാരിയുടുത്ത് ലാപ്ടോപ്പിനുമുന്നിലിരിക്കുന്ന ഉമയെയാണ്.
അവർ വേണുവിനെ കണ്ടതും സാരിയുടെ അറ്റം കൊണ്ട് മുഖം
മറച്ച് ചുമച്ചു. എന്നിട്ട് കണ്ണുകൊണ്ട് വരരുത് എന്ന് കാണിച്ചു.
പക്ഷെ, വേണുവിന് അത് മനസ്സിലായില്ല, അയാളുടെ
കണ്ണുകൾ അപ്പോഴും ഓടിക്കൊണ്ടിരിക്കുന്ന ഫാനിൽ തന്നെയായി-
രുന്നു. ഉമ സൗമ്യഭാവത്തിൽ ഗൂഗിൾ മീറ്റിന്റെ വീഡിയോ
ഓഫ് ചെയ്തുകൊണ്ട് പറഞ്ഞു
"ഞാൻ പലപ്രാവിശ്യം പറഞ്ഞിട്ടുണ്ട്... ഇങ്ങനെ ഗൂഗിൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 640 Participant Code: 108

മീനുള്ള സമയത്ത് ഈ വേഷവും ഇട്ട് കൊണ്ട് അടുക്കളയുടെ അടുത്തേക്ക് വരരുത് എന്ന്." അവൾ നെറ്റി ചുളുക്കികൊണ്ട് പറഞ്ഞു.

"ഞാനും പറഞ്ഞിട്ടുണ്ട് ഈ തണുപ്പുള്ള സമയത്ത് ഫാനിടരുത് എന്ന്" അയാളും വിട്ടുകൊടുത്തില്ല. "അത് പിന്നെ ചൂടെടുത്തിട്ടാ വേണുവേട്ടാ" ഉമ സാരിയുടെ അറ്റം കൊണ്ട് നെറ്റി തുടച്ച് കൊണ്ട് പറഞ്ഞു. പെട്ടെന്ന് വിഷയം മാറ്റാനെന്നവണ്ണം അവൾ പറഞ്ഞു

"ഈ മീൻ നമുക്കുള്ളതാണോ?"

"അല്ല അപ്പുറത്തെ വീട്ടുകാർക്ക്... നമുക്കല്ലാതെ ആർക്കാ ഉമേ..." അയാൾ സ്വൽപ്പം ദേഷ്യത്തോടെ പറഞ്ഞു.

"അല്ല ഇന്ന് വെള്ളിയാഴ്ചയല്ലേ എനിക്ക് മീൻ വൃത്തിയാക്കാൻ പറ്റില്ല, കഴിക്കാനും. അതുകൊണ്ട് വേണുവേട്ടൻ ഇഷ്ടമുള്ളത് സ്വിഗ്ഗിയിൽ ഓർഡർ ചെയ്തോളൂ... എനിക്കിന്ന് നല്ല കൈവേദന..." അവൾ കൈതിരുമ്മികൊണ്ട് പറഞ്ഞു.

"ആ എന്നാൽ ഞാൻ ബട്ടർ ചിക്കനും ചിക്കൻ ബിരിയാണിയും ഓർഡർ ചെയ്യാം, നിനക്ക് മാംസം ഒന്നും ഇന്ന് കഴിക്കാൻ പറ്റില്ലാല്ലേ കഷ്ടമായി..." അയാൾ സങ്കടം അഭിനയിച്ചുകൊണ്ട് പറഞ്ഞു

"ആ... സാരമില്ല എനിക്ക് നാളെ വാങ്ങിതന്നാൽ മതി... എനിക്ക് വല്ലാത്ത കൈവേദന" അവൾ പറഞ്ഞു.

"പിന്നെ ഒരു കൈവേദന, വെറുതെ വിഷയം മാറ്റാനായി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പറയുകയാണവൾ" അയാൾ സ്വയം പറഞ്ഞു. ഭർത്താവും തന്നേപോലെ മാംസം ഇന്ന് കഴിക്കില്ല എന്ന് തെറ്റിദ്ധരിച്ച ഉമയ്ക്ക് ഇപ്പറഞ്ഞത് ഇഷ്ടപ്പെട്ടില്ല. അവൾ സാധാരണഭാവത്തിൽ ഒന്നും പറയാതെ വീഡിയോ ഓൺ ചെയ്ത്, ഗ്രൂപ്പിന്റെ ലോകത്തേക്ക് തിരിഞ്ഞുനടന്നു. വേറൊന്നും ചെയ്യാനില്ലാത്തതിനാൽ വേണു മുകളിലേക്ക് കോണിപ്പടികയറിപ്പോയി. ഉമ സ്വയം പറഞ്ഞു " ഒരു സങ്കടവുമില്ല ഈ മനുഷ്യന്!" മനുഷ്യത്വമില്ലാത്ത മനുഷ്യൻ!"

വെറുതെയിരിക്കേണ്ടി വന്നില്ല വേണുവിന്, മെസേജുകളുടെ പെരുമഴ അയാളെ വരവേറ്റു. ഇരുപതോളം ചാറ്റുകളിലായി നൂറുകണക്കിന് മെസേജുകൾ. പക്ഷേ, ഓട്ടമത്സരത്തിൽ എപ്പോഴും മുൻപന്തിയിലെത്തുന്ന കുട്ടിയെപോലെ ഗ്രൂപ്പുകളിൽ ഒന്നാംസ്ഥാനത്ത് 'അയൽപക്കം ഫ്രണ്ട്സ്' തന്നെയായിരുന്നു. ~~വീട്ടിൽ~~ വീടിന് പുറത്തിറങ്ങിയില്ലെങ്കിലും ഗ്രൂപ്പിൽ എല്ലാവരും സഹോദരന്മാരെയും സഹോദരികളെയും പോലെയാണ്. നാട്ടുവർത്തമാനങ്ങളും, വീട്ടുവർത്തമാനങ്ങളും തൊട്ട് പരദൂഷണം വരെയിപ്പോൾ ഗ്രൂപ്പുകളിലാണ്. മതിലിനപ്പുറവും അപ്പുറവും നിന്നുകൊണ്ട് പറയുന്ന പരദൂഷണമൊക്കെ പോയി. ഇപ്പോൾ എല്ലാം നടുമജ്ഞനാണ്. അതിൽ മുഖ്യതാരങ്ങളാണ് ഉമയുടെ സുഹൃത്തുക്കളായ സരിതയും അനിതയും. പക്ഷേ, ഇന്ന് ആദ്യം മെസേജ് ഇട്ടിരിക്കുന്നത് ~~ഒരു~~ ഇവരാരുമല്ല. വേറൊരു

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 108

അയൽവാസിയാണ്. അയാൾ തൊട്ടപ്പുറത്തെ വീട്ടിലെ മിലിട്ടറിക്കാരനായിരുന്ന മധുവിന്റെ പടവും അതിനൊരു അടിക്കുറിപ്പും ഇട്ടു. 'ആദരാഞ്ജലികൾ മധു' കൂടാതെ കൈകൂപ്പുന്ന ചിത്രങ്ങളും. വേണു ഞെട്ടി, അയാൾ അയാളുടെ നരബാധിച്ച താടി തടവിക്കൊണ്ടാലോചിച്ചു. ഇന്നലെ കൂടി വീഡിയോകോൾ ചെയ്ത മനുഷ്യനാണ്. ഗ്രൂപ്പിലാകെ ഒച്ചപ്പാടും ബഹളവുമാണ് ചിലർ കരയുന്ന ഇമോജികൾ ഇടുന്നു, ചിലരാകട്ടെ മധുവിനെക്കുറിച്ചുള്ള വോയ്സ് മെസേജുകളിടുന്നു. അതിനിടയിൽ ചിലരാകട്ടെ മധുവിനെക്കുറിച്ച് കുറ്റവും പറഞ്ഞുപരത്തി. ചിലർ അതിനെ എതിർത്തു, ചിലർ ശരിവച്ചു. അങ്ങനെ ഗ്രൂപ്പ് രണ്ടായി പിരിഞ്ഞു. രണ്ട് പക്ഷമായി.

ഇതിനിടയിൽ ഉമ വിളിച്ചു "വേണുവേട്ടാ..." പക്ഷേ, [illegible] മധുരമേറിയ ചായം കലർന്ന വാക്കുകളിൽ വേണു മധുവിനെ കുറിച്ച് അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള വോയ്സ് മെസേജ് അയക്കുകയായിരുന്നു. മഴ പെയ്തു. അവ ആരുടെയോ കരച്ചിലായിരുന്നു. മഴ തകർത്തുപെയ്തു. മഴവെള്ളം കണ്ണീരുപോലെ ജനലിലൂടെ ഒഴുകി. വേണുവിചാരിച്ചു "ഇനിയിപ്പോൾ മധുവിന്റെ വീട്ടിലൊന്നും പോവണ്ട, പോയവർ പോയി ... ഇനിയവിടെ ചെന്നിട്ടെന്തുകാര്യം."

വെള്ളം എന്ന് കണ്ടാൽ മീനിനെ ഓർമവരുന്നപോലെ, വേണുവിന്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

മഴവെള്ളം കണ്ടപ്പോൾ വാങ്ങിച്ച മീനിനെ ഓർമവന്നത്. അതിപ്പോഴും തിണ്ണയിലിരിക്കുകയാണ്. അത് കേടായിട്ടുണ്ടാവുമോ എന്ന ആശങ്കയിൽ അയാൾ മൊബൈലെടുത്ത് താഴേക്കോടി. "ഉമയുടെ ആഗ്രഹം നടന്നല്ലേ, ആ മീൻ കേടുവരല്ലേ..." അയാൾ മനസ്സിൽ വിചാരിച്ചു. പക്ഷേ, അയാൾ താഴെയെത്തിയപ്പോൾ കണ്ടത് അയാൾക്ക് സഹിക്കാൻ കഴിയുന്നതായിരുന്നില്ല. ഉമ നിലത്ത് വീണുകിടക്കുന്നു. അവൾ ഇങ്ങനെ കിടക്കാറില്ല. അയാൾ ഓടിയെത്തി അവളെ താങ്ങിയെടുത്തു കവിളിൽ തട്ടിക്കൊണ്ട് പറഞ്ഞു

"ഉമാ ... എഴുന്നേൽക്കൂ... എഴുന്നേൽക്ക്" പക്ഷേ, അവൾ കേട്ടഭാവം നടിച്ചില്ല, അവൾ അയാൾക്ക് വിളിക്കാൻ കഴിയാത്ത ദൂരത്തേക്ക് പോയിരുന്നു.

അയാൾ ഉച്ചത്തിൽ പറഞ്ഞു "ഉമാ നിനക്കിഷ്ടമല്ലെങ്കിൽ ഞാൻ മീൻ കഴിക്കില്ല... ഉമാ ഇനിയെങ്കിലും എഴുന്നേൽക്കൂ..." അവൾ വിളികേട്ടില്ല. അയാളുടെ നെഞ്ചിടറി. കണ്ണുകളിൽ പേമാരിപോലെ വെള്ളം കെട്ടിനിന്നു. അയാൾക്ക് കണ്ണ് കാണാതായി. അയാൾക്ക് എല്ലാം നഷ്ടപ്പെട്ടതുപോലെ തോന്നി. അയാൾ എന്ത് ചെയ്യണമെന്നറിയാതെ വിറങ്ങലിച്ചുനിന്നു. അയാൾ മൊബൈൽ ഫോണെടുത്ത് ആരെയൊക്കെയോ വിളിച്ചു. ആരും ഫോൺ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

എടുത്തില്ല. അയാൾ ലാപ്ടോപ്പിനുമുന്നിലേക്ക് നോക്കി. അതിലെ വീഡിയോ ഓൺ ചെയ്ത് കിടക്കുകതന്നെയായിരുന്നു. അതിലെ ചാറ്റ് ബോക്സിലായി തെളിഞ്ഞു "ആദരാഞ്ജലികൾ ഉദ" അയാൾ ലാപ്ടോപ്പ് വലിച്ചെറിഞ്ഞു. അയാൾ ഉദയെ നോക്കിക്കൊണ്ട് ഇരുന്നു. മഴ ശമിച്ചു. എന്നിട്ടും ആരും എത്തിയില്ല. മീനുകൾ കണ്ണ് ~~xxx~~ വിടർത്തിയിരുന്നു, ഉദയും. അയാൾ സ്വയം ~~xxx~~" ചിന്തിച്ചു മീനുകളോട് സേതുവിന് തോന്നിയ അനുകമ്പ പോലും ഞാൻ എന്റെ പ്രിയതമക്ക് നൽകിയോ? മൊബൈലെന്ന വലക്കണ്ണിയിൽ ഞാൻ അകപ്പെട്ടുപോയപ്പോൾ ഇരയായത് നീയല്ലേ... നിന്റെ വിളി ഞാൻ കേട്ടിരുന്നെങ്കിലും നീ എന്നെ വിട്ടുപോകുമായിരുന്നോ? പൊറുക്കൂ... മാപ്പുനൽകൂ സ്നേഹിതേ... മാപ്പുനൽകൂ" അയാൾ അയാളുടെ കയ്യിലെ മൊബൈൽ വലിച്ചെറിഞ്ഞു. മീനുകളുടെ ആത്മാക്കൾ ഉദയെ സ്വർഗത്തിലേക്ക് ആനയിച്ചു. അവർ പരസ്പരം പറഞ്ഞു നമ്മൾ വലക്കണ്ണികളുടെ ~~ഇരകൾ~~ ഇരകൾ തന്നെയല്ലേ... ഒ. പ്രിയപ്പെട്ടവന്റെ സ്നേഹത്തിനും തെറ്റിനും ഇരയായവർ." ~~xxx~~

× ———— ×